ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ബസ്സുകൾ, സിനിമാ തീയേറ്ററുകൾ എന്നിവിടങ്ങളിൽ ഇരിക്കുന്ന ആളുകൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ചെറുതല്ല. അതുകൊണ്ട് അത് നിരോധിക്കാൻ കഴിയണം. ഞാൻ ഈ ബിൽ 1992-ൽ കൊണ്ടു വന്നതാണ്. അതിനുശേഷം ഗവൺമെൻറ് കുറെ സ്ഥലങ്ങളിൽ പുകവലി നിരോധിച്ചിട്ടുണ്ട്. ഈ ബിൽ കൂടിയുണ്ടായിരുന്നുവെങ്കിൽ ഗവൺമെൻറിന് നിരോധന നിയമത്തിൻറെ ആനുകൂല്യം കൂടി ഉണ്ടാകുമായിരുന്നു. അപ്പോൾ ഗവൺമെൻറിന് യുക്തമെന്നു തോന്നിയത്, നിയമസഭാ നടപടികളോടുള്ള അലംഭാവം കൊണ്ടാണ് പാസ്സാക്കിയെടുക്കാൻ കഴിയാതെ പോയത്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കണം, ഗവൺമെൻറ് ഈ നിയമത്തെ സംബന്ധിച്ച് തീരുമാനമെടുക്കുമെന്ന് വിശ്വസിക്കുന്നു. ഈ ബിൽ പാസ്സാക്കുന്നതിനുവേണ്ടി സഭയിലെ അംഗങ്ങൾ സഹകരിക്കുമെന്ന് ഞാൻ കരുതുന്നു.

(ചർച്ച പൂർത്തിയായില്ല)

(4) 1993-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ബിൽ

ശ്രീ. കെ. പ്രകാശ് ബാബു അവതരിപ്പിച്ചതും 14-7-1995-ൽ ചർച്ച തുടങ്ങിവച്ചതുമായ 1993-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിൻമേലുള്ള ചർച്ച പുനരാരംഭിച്ചു.

(ചർച്ച പൂർത്തിയായില്ല)

മി. സ്പീക്കർ: ഇനി നേരത്തെ അവതരിപ്പിച്ച ബില്ലുകളെ സംബന്ധിച്ചുള്ള ചർച്ച. പ്രൊഫസർ മീനാക്ഷിതമ്പാനു സംസാരിക്കാം.

(5) 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബിൽ

പ്രൊഫസർ മീനാക്ഷി തമ്പാൻ: സർ, 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യുവർ (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. സാമൂഹ്യ പുരോഗതിക്കനുസൃതമായി നിയമം ഭേദഗതി ചെയ്യപ്പെടേണ്ടതുണ്ട്, വ്യാഖ്യാനിക്കപ്പെടേണ്ടതുണ്ട്. ഈ തത്വം ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ 125-ാം വകുപ്പിൻറെ കാര്യത്തിൽ ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. ഇവിടെ കൊണ്ടുവരുന്ന ഭേദഗതി നിയമം കേരളാ ഗവൺമെൻറ് സ്വമേധയാ കൊണ്ടുവരേണ്ടതായിരുന്നു. അത്രയ്ക്ക് പ്രാധാന്യമുള്ള ഒരു അമൻറുമെൻറാണ് ഞാൻ കൊണ്ടുവരുന്നത്. അഭിഭാഷകരുടേയും സ്ത്രീകളുടേയും സമ്മേളനങ്ങളിലും കുടുംബ കോടതിയിലെ ജഡ്ജിമാരും ഇക്കാര്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. 22-23 വർഷങ്ങൾക്കു മുൻപ് നിശ്ചയിച്ച മെയിൻറനൻസിൻറെ സീലിംഗ് മാറണം എന്നുള്ളത് ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടേയും ഒരഭിപ്രായമായി ഞാനിവിടെ അവതരിപ്പിക്കുകയാണ്. സി. ആർ. പി. സി. 125 അനുസരിച്ച് വിവാഹിതയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ തക്കതായ കാരണങ്ങളാൽ സ്വമേധയാ മാറി താമസിക്കുകയോ ചെയ്യുന്ന ഭാര്യയ്ക്ക് പുനർവിവാഹം ചെയ്യുന്നതുവരെ ഭർത്താവിൽനിന്ന് സംരക്ഷണച്ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടാനുള്ള അവകാശമാണ് ഈ വകുപ്പിൽ നൽകിയിരിക്കുന്നത്. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീക്ക് വളരെ ന്യായമായ സംരക്ഷണം നൽകാതിരുന്നാൽ അത് സമൂഹത്തിനുതന്നെ ഭീഷണിയാകും എന്ന് മനസിലാക്കിക്കൊണ്ടാണ് അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ ലഭ്യമാക്കുന്ന സാഹചര്യങ്ങളും ഉണ്ടാക്കുവാനായി ഇത്തരത്തിലുള്ള ഒരു ഭേദഗതി ഉൾപ്പെടുത്തിയിരിക്കുന്നത്. അതാണ് അതിന്റെ ലെജിസ്ലേറ്റീവ് ഇൻഡെന്റ്. 1898-ൽ രൂപംകൊണ്ട ക്രിമിനൽ നടപടിക്രമം തുടർന്ന് 23, 55, 973 എന്നീ വകുപ്പുകളിൽ സാമാന്യം സമഗ്രമായി ഭേദഗതികൾക്ക് വിധേയമാവുകയുണ്ടായി. ഭാര്യയുടേയും മക്കളുടേയും സംരക്ഷണം സംബന്ധിച്ച് ഈ നിയമത്തിൽ സിവിൽ സ്വഭാവമാണുള്ളത്. എന്നാലും ക്രിമിനൽ നടപടിക്രമത്തിലുൾപ്പെടുത്തിയിരിക്കുന്നു. ചെലവ് കുറഞ്ഞതും വേഗത കൂടിയതുമായ റെമഡിയാണ്. അതുകൊണ്ടാണ് vagrancy ഉണ്ടാക്കാതിരിക്കാൻ ഒരുപാട് സാമൂഹ്യ ലക്ഷ്യങ്ങളും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമം കൊണ്ടുവന്നത്. ഭാരിച്ച ജീവിതച്ചെലവ്, വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ, നാണയപ്പെരുപ്പം എന്നിവ കണക്കിലെടുത്തുകൊണ്ട് ഇത് വർദ്ധിപ്പിക്കേണ്ടതാണ്. 500 രൂപ എന്ന സീലിംഗ് എർപ്പെടുത്തുന്നത് ക്രൂരമാണ്, അനീതിയാണ് എന്ന് ഞാനിവിടെ പറയേണ്ട ആവശ്യമില്ല. ലാ കമ്മീഷന്റെ 132-ാമത് റിപ്പോർട്ടിൽ പറയുന്നത് ഞാൻ വായിക്കാനാഗ്രഹിക്കുകയാണ്. മാസം തോറും നൽകേണ്ട മെയിന്റനൻസിനെക്കുറിച്ചുള്ള ഓക്കമെന്റേഷൻസ് ഈ ഗവൺമെന്റ് കൺസിഡർ ചെയ്യണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

In determining the rate of the monthly allowance the Magistrate may take into account not only the expenditure needed for food, shelter and clothing, education of children etc. but also such sums as may be needed for being set apart in order to need future emergencies arising on account of accident, sickness, physical disability or for any other reason.

2. In determining the amount, a Magistrate excercising powers under section 125.

(a) may take into account not only the personal income of the person against whom the order for monthly allowance is sought but also his other resources such as, the property possessed by him, his interest if any, in joint family properties and the fact that he can meet the obligation from the corpus of such properties. ഫുഡ്, മെയിന്റനൻസ്, ക്ലോത്തിംഗ്, ഷെൽറ്റർ ഇതുപോലെയുള്ളതെല്ലാം ഇൻക്ലൂഡ് ചെയ്യുന്നു എന്നുള്ളതുകൊണ്ട് ഇത് വർദ്ധിപ്പിക്കേണ്ടതാണ്. ഇൻകംടാക്സ് കൊടുക്കുന്നവർ, ദിവസവും ലക്ഷക്കണക്കിന് രൂപ വരുമാനമുള്ളവർ എന്നിവർക്ക് 500 രൂപ പരമാവധി സീലിംഗ് നിശ്ചയിക്കുന്നത് വളരെ ക്രൂരമാണെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു കാര്യം കൂടി പറയുകയാണ്. വ്യക്തി നിയമങ്ങളുടെ ഭരണഘടനാസാധുതയെ ചലഞ്ച് ചെയ്ത സ്വത്തവകാശം നിയമയുദ്ധം നടത്തി വാങ്ങിയതിനെ മറികടക്കാൻവേണ്ടി നിയമങ്ങളും കൊണ്ടുവരുന്ന ഒരു സർക്കാരാണിത്. അതുകൊണ്ട് ഈ ന്യായമായ ആവശ്യം നിറവേറ്റാൻ ആവശ്യമായ നിയമനിർമ്മാണമുണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഇതോടൊപ്പം ഇതിൽ മറ്റൊരു ഭേദഗതികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പത്മകുമാർ എന്റെ തൊട്ടടുത്ത് ഇരിക്കുന്നതുകൊണ്ട് അദ്ദേഹം ആവശ്യപ്പെട്ട ഒരു കാര്യം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ഞാൻ മനസ്സിലാക്കുകയാണ്. ഇതോടൊപ്പം മറ്റൊരു ഭേദഗതിയുണ്ട്. ഇതിൽ ഭർത്താക്കൻമാരും ഉൾപ്പെടുകയാണ്. കൂടുതൽ സ്ത്രീകൾ ഇപ്പോൾ പണി എടുക്കുന്നു, സാമ്പത്തിക സ്വാതന്ത്ര്യം ലഭിക്കുന്നു എന്നുള്ളതുകൊണ്ട് വിവാഹമോചനം സംഭവിച്ചാൽ ഇത്തരത്തിൽ സ്വന്തം മെയിന്റനൻസ് നടത്താൻ കഴിയാത്ത ഭർത്താക്കൻമാർക്ക് സ്ത്രീകൾ സംരക്ഷണച്ചെലവ് കൊടുക്കണമെന്നുകൂടി ഉൾപ്പെടുത്തുന്ന ഒരു ഭേദഗതി ഇതിൽ വരും.

(ചർച്ച തുടരും)

(6) 1995-ലെ കേരള പാഡി ഫീൽഡ്സ് (റെസ്ട്രിക്ഷൻ ഓഫ് കൺവർഷൽ) ബിൻ

ശ്രീ. വി. വി. രാഘവൻ: 1995-ലെ കേരള പാഡി ഫീൽഡ്സ് (റെസ്ട്രിക്ഷൻ ഓഫ് കൺവർഷൻ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനം വളരെ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുകയാണ്. നെൽപ്പാടങ്ങളെല്ലാം നികത്തുകയാണ്. നികത്തുന്നത് വിലക്കുന്ന ഒരു സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും വേലി തന്നെ വിളവ് തിന്നുന്നു എന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. ആർ. ഡി. ഒ, മാരാണ് ഇത് തടയപ്പെടേണ്ട ആളുകൾ. അവരാണ് ഇതിന് അനുവാദം കൊടുക്കുന്നത്. അപ്പോൾ സർക്കാർ ഉത്തരവ് അപ്രധാനപ്രമാണെന്ന് തെളിഞ്ഞുകഴിഞ്ഞു. ഞാൻ നിർദ്ദേശിക്കുന്നത് ഒരു നിയമം അടിയന്തിരമായി ആവശ്യമാണ്. ചുരുങ്ങിയപക്ഷം കളക്ടർമാരെങ്കിലും ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്. ഇവിടെ വനസംരക്ഷണത്തെപ്പറ്റി ശബ്ദമുയർത്താൻ ആളുകളുണ്ട്. പരിസ്ഥിതിവാദികൾ ആ വക കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. ഇന്നത്തെ നിലയിൽ ഈ നെൽപ്പാടങ്ങൾ നികത്തിയാൽ നെൽകൃഷി നശിക്കുമെന്ന് മാത്രമല്ല നമ്മുടെ സംസ്ഥാനത്തിന്റെ പരിസ്ഥിതി തന്നെ ആകെ തകിടം മറിയുന്ന സ്ഥിതിവിശേഷം ഉണ്ടാകും. ഈ നെൽവയലുകളെല്ലാം നികത്തിയിടത്താണ് കിണറുകൾ വറ്റിവരണ്ടിട്ടുള്ളത്. ഈ നെൽവയലുകളിൽ പെയ്യുന്ന മഴയുടെ ഒരു ഭാഗമെങ്കിലും ശേഖരിച്ച് ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കണം. അതെല്ലാം കണ്ണടച്ചാണ് നികത്തിപോകുന്നത് എങ്ങനെയാണ് കയ്യും കെട്ടി നോക്കിയിരിക്കാൻ സാധിക്കുക? റിയൽ എസ്റ്റേറ്റുകാരും എന്തു പറഞ്ഞാലും പണമുള്ള ആളുകളും ഏറ്റവും ആദായകരമായി പണമുണ്ടാക്കുന്ന ഒരു മാർഗ്ഗമായി ഈ നെൽപ്പാടങ്ങൾ വാങ്ങുകയും ഫ്ളാറ്റ് വയ്ക്കുകയും പ്ലോട്ട് കളാക്കി വിൽക്കുകയും ചെയ്തത് കണ്ടമാനം കാശുണ്ടാക്കുകയാണ്. അത് തടയാൻ ബാദ്ധ്യതപ്പെട്ട ആളുകൾ അത് തടയുന്നില്ല എന്നു മാത്രമല്ല, അതിനെതിരെ കണ്ണടയ്ക്കുന്നു. ചിലർ അനുവാദം കൊടുത്തുകൊണ്ടേയിരിക്കുന്നു. ഈ സ്ഥിതി ഇങ്ങനെ പോയാൽ ദൈവത്തിന്റെ സ്വന്തം ഹരിതാഭമായിട്ടുള്ള ഭൂമി അനതിവിദൂരമായ ഭാവിയിൽ കേവലം മരുഭൂമിയായി മാറും. ഉള്ള പാടങ്ങൾ സംരക്ഷിക്കാൻ സാധിക്കുന്നില്ല. അത്യന്തം ആപൽക്കരമായ ഒരവസ്ഥയാണ് ഇവിടെ സംജാതമായിട്ടുള്ളത്. 9 ലക്ഷം ഹെക്ടർ നെൽവയലുകൾ ഉണ്ടായിരുന്നത് ഇപ്പോൾ അഞ്ചുലക്ഷം ഹെക്ടറിനും താഴെയായി. നെൽവയലുകൾ കണ്ടമാനം കയ്യും കണക്കുമില്ലാതെ നികത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഭൂമി ഇപ്പോൾ നികത്തികഴിഞ്ഞാൽ കൃഷിചെയ്യണമെന്നാഗ്രഹിക്കുന്ന കൃഷിക്കാർക്കുപോലും അത് ചെയ്യാൻ സാധിക്കുകയില്ല. നീരൊഴുക്കും ഉണ്ടാവുകയില്ല. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly